# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 623 29/06/2015-ൽ മറുപടിക്ക്

## ഊരുകളിലെ ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ ആദിവാസി ഊരുകളിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വർദ്ധിച്ച വരുന്ന ശിശു മരണ നിരക്കിനെക്കുറിച്ചും സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) പട്ടികവർഗ വികസന വകുപ്പ് മുഖാന്തിരം പഠനം നടത്തിയിട്ടില്ല. എന്നാൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ യൂണിസെഫ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. |
| (ബി) ഇവ പരിഹരിക്കുന്നതിനായി 2011-12, 2012-13, 2013-14, 2014-15 ബഡ്ജറ്റിൽ എത്ര തുക വീതം വകയിരുത്തി; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ? | (ബി) ആരോഗ്യ പരിപാലന മേഖലക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു (തുക ലക്ഷത്തിൽ) |

| | 2011-12 | | 2012-13 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|---|---|
| പദ്ധതി | ബഡ്ജറ്റ് തുക | ചെലവ് | ബഡ്ജറ്റ് | ചെലവ് | ബഡ്ജറ്റ് | ചെലവ് | ബഡ്ജറ്റ് | ചെലവ് |
| ആരോഗ്യ രക്ഷ | 140 | 139.99 | 150 | 149.99 | 400 | 399.70 | 850 | 849.63 |
| മെഡിക്കൽ യൂണിറ്റ് | 204.49 | 176.40 | 204.20 | 170.23 | 279.26 | 208.47 | 289.10 | 216.01 |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് | 40.35 | 41.89 | 38.05 | 43.39 | 46.10 | 44.05 | 53.71 | 65.18 |

ജീവനക്കാരുടെ വേതനം സഹിതമുള്ള ചെലവ്.

സെക്ഷൻ ഓഫീസർ